പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.674 28.09.2016 -ൽ മറുപടിക്ക്

## എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ഉണ്ണി | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| എ) എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | എ) എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിലെയും ഡാറ്റാ ഡിജിറ്റലൈസ് ചെയ്തു കഴിഞ്ഞു. e office നടപ്പിൽ വരുത്തു ന്നതിന്റെ ആദ്യ ഘട്ടമായി തെരെഞ്ഞെടുത്ത എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ ആവശ്യമായ കമ്പ്യൂട്ടർ ഹാർഡ് വെയർ, കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (കെസ്വാൻ), ബി.എസ്.എൻ.എൽ.മുഖേനയുള്ള നെറ്റ് വർക്ക് കണക്ടിവിറ്റി, ഇ-മെയിൽ വെബ് സൈറ്റ് സംവിധാനം എന്നിവ ഏർപ്പെടുത്തിക്കഴിഞ്ഞു. ഡിജിറ്റലൈസേഷൻ പൂർത്തീകരിച്ച് ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്ന- തിനുള്ള സോഫ്റ്റ് വെയർ വികസിപ്പി ക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ട ത്തിലാണ്. ഉദ്യോഗാർത്ഥികളുടെ രജിസ് ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ തുടങ്ങിയ സേവനങ്ങൾ "any where any time" അടിസ്ഥാനത്തിൽ എളുപ്പത്തിൽ ലഭിക്കുവാനുള്ള സേവനങ്ങൾ ഉൾപ്പെടുന്ന ഒന്നാം ഘട്ടം നടപ്പിലാക്കു ന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

**ബി)** 01/07/2011 മുതൽ 31/08/2016 വരെ എത്ര പേർക്ക് എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

01/072011 മുതൽ 31/08/2016 വരെ സംസ്ഥാനത്തെ വിവിധ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകൾ വഴി 53619 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | തൊഴിൽ നൽകിയവരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 6714 |
| 2 | കൊല്ലം | 4059 |
| 3 | ആലപ്പുഴ | 3523 |
| 4 | പത്തനംതിട്ട | 2516 |
| 5 | കോട്ടയം | 3153 |
| 6 | ഇടുക്കി | 1955 |
| 7 | എറണാകുളം | 8406 |
| 8 | തൃശ്ശൂർ | 4114 |
| 9 | പാലക്കാട് | 3446 |
| 10 | മലപ്പുറം | 3920 |
| 11 | കോഴിക്കോട് | 4522 |
| 12 | വയനാട് | 2130 |
| 13 | കണ്ണൂർ | 2792 |
| 14 | കാസറഗോഡ് | 2369 |
| **ആകെ** | | **53619** |

സെക്ഷൻ ഓഫീസർ